(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ചെലവുകൾ

1[1] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ, അതിഥി സൽക്കാരം, യാത്രപ്പടി എന്നീ ഇനങ്ങളിൽ എന്തുതുകവീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരോ മന്ത്രിമാരുടേയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കാൻ എന്തുതുകവീതം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാന്റ് ഫോൺ, മൊബൈൽഫോൺ എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.† അതിഥി സൽക്കാരം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. യാത്രപ്പടി ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.††

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മുൻ വ്യവസായ വകുപ്പുമന്ത്രി ചെലവഴിച്ച തുക

2 [2] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ മുൻ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സംസ്ഥാനത്തിനകത്ത് എത്ര വിമാനയാത്ര നടത്തിയെന്നും അതിനായി എത്ര തുക ചെലവഴിച്ചു എന്നും ഈ ഇനത്തിൽ യാത്രാപ്പടിയായി എത്ര തുക കൈപ്പറ്റിയെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ അദ്ദേഹം എത്ര പ്രാവശ്യം സംസ്ഥാനത്തിന് പുറത്തും ഇൻഡ്യക്ക് പുറത്തും വിമാനയാത്ര നടത്തിയെന്നും അതിനുവേണ്ടി സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ അദ്ദേഹം ലാന്റ് ഫോൺ, മൊബൈൽഫോൺ, അതിഥി സൽക്കാരം എന്നീ ഇനങ്ങളിൽ എത്ര തുകവീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ?

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly